# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആറളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/100/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 07/04/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആറളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആറളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/100/2022

തീയ്യതി: 07/04/2022

## കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-03-2020 മുതൽ 04-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 06-03-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു. പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2022 | 21-01-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-01-2022 | 21-01-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. സി.വി. ജ്യോതിഷ കുമാർ, ഓഡിറ്റ് ഓഫിസർ (ഹ.ഗ്രേ)
ശ്രീമതി. വിപിന വത്സരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീ. ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ശ്രീജ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷിജി നടുപ്പറമ്പിൽ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ. കെ. പി. രാജേഷ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. റോബർട്ട് ജോസഫ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഫ്രാൻസിസ്. ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-05-2020 |
| ശ്രീ. അഷറഫ്. പി. വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-06-2020 | 31-03-2021 |
| ശ്രീ. ബിപിൻ ഡേവി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. ശുബജിത്ത്. എസ്. എസ്. | കൃഷി ഓഫീസർ | 01-04-2020 | 14-09-2020 |
| ശ്രീമതി. ജിംസി മരിയ | കൃഷി ഓഫീസർ | 15-09-2020 | 02-12-2020 |
| ശ്രീമതി. കോകില. കെ.ആർ | കൃഷി ഓഫീസർ | 03-12-2020 | 31-03-2021 |
| ശ്രീ. ഷിന്റോ ജോസഫ് | വി.ഇ.ഒ. കീഴ്പ്പള്ളി | 01-04-2020 | 31-03-2021 |
| ശ്രീമതി. കവിത ജി നായർ | വി.ഇ.ഒ. എടൂർ | 01-04-2020 | 31-03-2021 |
| ഡോ. | മെഡിക്കൽ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ജയകൃഷ്ണൻ എം. എസ്. | ഓഫീസർ FHC | | |
| ഡോ. വീണ അഗസ്റ്റിൻ. | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. സുനിൽ രാജ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ. നവാസ് ഷെറീഫ് | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. ശ്രീലത. പി. പി. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.പ്രിയ സദാനന്ദൻ | മെഡിക്കൽ ഓഫീസർ, CHC, കീഴ്പള്ളി | 01-04-2020 | 31-03-2021 |
| ശ്രീ. ഷിന്റോ അലക്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി മിനി നാരായണൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 30-06-2020 |
| ശ്രീമതി ര്യശ്രീ പി.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-07-2020 | 01-11-2020 |
| ശ്രീമതി പ്രീത പി.വി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 02-11-2020 | 31-03-2021 |

ഭരണ നിർവ്വഹണ കമ്മിറ്റി : 1. ശ്രീ.റോബർട്ട് ജോസഫ്,സെക്രട്ടറി, 2. ശ്രീ. ബിപിൻ ഡേവി, അസിസ്റ്റന്റ് എഞ്ചിനീയർ, 3. ശ്രീമതി. ജിംസി മരിയ, 4. ശ്രീമതി. കോകില. കെ.ആർ, കൃഷി ഓഫീസർ (12-11-2020 മുതൽ 29-12-2020 വരെ)

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 02-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക.<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 24-01-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 07-04-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jyothish Kumar (Audit Officer (HG), On 25-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-04-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-04-2022) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-04-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Albert Jose (Senior Grade Auditor, On 24-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 07-04-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Vipina Valsaraj (Senior Grade Auditor, On 24-01-2022)<br>Last Updated By: Vipina Valsaraj (Senior Grade Auditor, On 24-01-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 23-01-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-04-2022) | 1-9 |
| 11 | ഗ്രാമ സഭ<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-04-2022) | 1-10 |
| 12 | റദ്ദാക്കിയ രസീത് പ്രകാരം വരവ് ചേർത്തു.<br>Written By: Sreeja.K (Auditor, On 22-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 07-04-2022) | 1-11 |
| 13 | വസ്തു നികുതി - ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.<br>Written By: Sreeja.K (Auditor, On 21-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 07-04-2022) | 1-12 |
| 14 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല<br>Written By: Sreeja.K (Auditor, On 21-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 07-04-2022) | 1-13 |
| 15 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.<br>Written By: Sreeja.K (Auditor, On 21-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 23-01-2022) | 1-14 |

| | | |
|---|---|---|
| 16 | എഫ് ടി ഇ & ഒ എസ് ലൈസൻസ് - 50 വ്യാപാര സ്ഥാപനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കി<br>Written By: Sreeja.K (Auditor, On 21-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 07-04-2022) | 1-15 |
| 17 | വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.<br>Written By: Sreeja.K (Auditor, On 21-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 23-01-2022) | 1-16 |
| 18 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല<br>Written By: Sreeja.K (Auditor, On 21-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-04-2022) | 1-17 |
| 19 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭിച്ചിട്ടില്ല<br>Written By: Albert Jose (Senior Grade Auditor, On 22-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-04-2022) | 1-18 |
| 20 | KMSCL ന് മുൻകൂർ തുക നല്കി മുഴുവൻ തുകയ്ക്കുള്ള മരുന്നുകളും ലഭ്യമായില്ല.<br>Written By: Albert Jose (Senior Grade Auditor, On 22-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-04-2022) | 1-19 |
| 21 | ജീവിത ശൈലീ രോഗ നിയന്ത്രണ പദ്ധതി - KMSCL ന് മുൻകൂർ തുക നല്കി - മുഴുവൻ മരുന്നുകൾ ലഭ്യമായില്ല.₹11977 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Albert Jose (Senior Grade Auditor, On 22-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 07-04-2022) | 1-20 |
| 22 | പാലിയേറ്റീവ് കെയർ പദ്ധതി - അപാകതകൾ<br>Written By: Albert Jose (Senior Grade Auditor, On 22-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 07-04-2022) | 1-21 |
| 23 | COVID 19 പ്രതിരോധ പ്രവർത്തനം - കീഴ്പള്ളി പി എച്ച് സി ക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ - ₹6479 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Albert Jose (Senior Grade Auditor, On 22-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 06-04-2022) | 1-22 |
| 24 | പട്ടിക ജാതി വിദ്യാർഥികൾക്ക് പഠനമുറി പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Albert Jose (Senior Grade Auditor, On 22-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 07-04-2022) | 1-23 |
| 25 | പഞ്ചായത്ത് ഓഫീസിലേക്ക് ലാപ് ടോപ് വാങ്ങൽ -ലാപ് ടോപ് ലഭ്യമായില്ല ₹66956 തടസ്സപ്പെടുത്തുന്നു<br>Written By: Vipina Valsaraj (Senior Grade Auditor, On 21-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 06-04-2022) | 1-24 |
| 26 | പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടർ വാങ്ങൽ - കംപ്യൂട്ടർ ലഭ്യമായില്ല ₹195555 തടസ്സപ്പെടുത്തുന്നു<br>Written By: Vipina Valsaraj (Senior Grade Auditor, On 21-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 07-04-2022) | 1-25 |
| 27 | ആറളം ഫാം ഹോമിയോ ആശുപത്രി,വീർപ്പാട് ഹോമിയോ ഡിസ്പെൻസറി എന്നിവയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 21-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 06-04-2022) | 1-26 |
| 28 | | 1-27 |

| | | |
|---|---|---|
| | ഐ.കെ.എം ന് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 21-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 06-04-2022) | |
| 29 | മാലിന്യ സംസ്ക്കരണ പ്ലാന്റ് - സ്ഥലം വാങ്ങലും കെട്ടിട നിർമ്മാണവും - ₹1,71,246 യുടെ കെട്ടിട നിർമ്മാണം പാതി വഴിയിൽ ഉപേക്ഷിച്ചു.<br>Written By: Vipina Valsaraj (Senior Grade Auditor, On 25-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 07-04-2022) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 07-04-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 07-04-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 23-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 23-01-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 06-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 23-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 07-04-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 07-04-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 23-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jyothish Kumar (Audit Officer (HG), On 25-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 06-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022) | 4-11 |

| | | |
|---|---|---|
| | Last Updated By: Harish Kumar M.V (Computer Assistant, On 06-04-2022) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ആറളം ഗ്രാമ പഞ്ചായത്തിന്റെ 2020-21ലെ ബജറ്റ് 20-3-2020 ലെ 1/2020-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 71970341 |
| വരവ് | 473567500 |
| ആകെ | 545537841 |
| ചെലവ് | 505146300 |
| നീക്കിയിരിപ്പ് | 40391541 |

## 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2021 | 5-5-2021 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

2020 - 21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. B-4 Schedule പ്രകാരം ബാധ്യതയായി രേഖപ്പെടുത്തിയ വിവിധ ഗ്രാന്റിനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ B-11 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

3. തൊഴിൽ നികുതി ട്രെയ്ഡേഴ്സ് ഡിമാന്റ് തുക വാർഷിക ധനകാര്യ പത്രിക I-1 പ്രകാരം ₹265130 യും രജിസ്റ്റർ പ്രകാരം ₹263880 യുമാണുള്ളത്.

4. ദുരിതാശ്വാസ നിധി B-2 പ്രകാരം ₹127674 യും B-17, RP-40 (B) എന്നിവ പ്രകാരം ₹ 127374 യുമാണ്.

5. ജലനിധി B-4 പ്രകാരം ₹2550894 യും B-17 പ്രകാരം ₹1421685 യുമാണുള്ളത്.

6. ഗ്രാമ പഞ്ചായത്തിന്റെ കോമ്പൗണ്ടിലെ തെങ്ങുകളിൽ നിന്നുള്ള ആദായം ലേലം കൊണ്ടവകയിൽ ₹2000 ഡെപ്പോസിറ്റായി 2019-20 ൽ അടവാക്കിയത് 2020-21 ൽ ക്രമീകരിച്ചിട്ടില്ല.

7. ബസ് സ്റ്റാന്റ് പിരിവ് ലേലം ₹16700 ഡെപ്പോസിറ്റായി 2019-20 ൽ അടവാക്കിയത് 2020-21 ൽ ക്രമീകരിച്ചിട്ടില്ല.

8. വികസന ഫണ്ട് - എസ്.സി.പി, വികസന ഫണ്ട് - ടി.എസ്.പി എന്നിവയിൽ നിന്നും കെ.യു.ആർ.ഡി. എഫ്.സി ലോൺ തുക ഒടുക്കുന്നതിനായി ജി.ഒ പ്രോജക്ടായി ചെലവഴിച്ച തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. വാടക ഡിമാന്റ് വാർഷിക ധനകാര്യ പത്രിക I-3 പ്രകാരം ₹84865 യും രജിസ്റ്റർ പ്രകാരം ₹87469 യുമാണുള്ളത്.

10. ബിൽഡിംഗ് പെർമിറ്റ് ഡിമാന്റ് തുക I-4(B) പ്രകാരം ₹140231 യുണ്ട്. എന്നാൽ രജിസ്റ്ററിൽ സംക്ഷിപ്തം എഴുതിയിട്ടില്ല.

11. B-18 പ്രകാരമുള്ള അഡ്വാൻസ് തുകയുടെ മുഴുവൻ വിവരവും അഡ്വാൻസ് രജിസ്റ്ററിൽ ലഭ്യമല്ല.

12. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുക B-7 പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | B-7 പ്രകാരം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം |
|---|---|---|

| | | |
|---|---|---|
| കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 58950 | 51450 |
| ബിഡ്ഡേഴ്സ് ഇ.എം.ഡി | 25500 | 24500 |
| കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 19165 | 36665 |
| റെന്റ് ഡെപ്പോസിറ്റ് | 61422 | 51422 |

13. വസ്തുനികുതി- വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തൻവർഷ ഡിമാന്റ്, കലക്ഷൻ സഞ്ചയ സോഫ്റ്റ് വെയറിലെ സ്റ്റേറ്റ്മെന്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം |
|---|---|---|
| ഡിമാന്റ് | 3263236 I-1 | 3260538 |
| കലക്ഷൻ | 3246843 RP-43 | 3250450 |

14. വസ്തുനികുതി 2019-20 ലെ B-15 പ്രകാരം പിരിച്ചെടുക്കുവാൻ ബാക്കിയുള്ള തുക ₹23497യാണ്. 2020-21 ലെ സഞ്ചയ DCB പ്രകാരം കുടിശ്ശിക ഡിമാന്റ് ₹22930 യാണ്.

15. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രോജക്ടിനുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹2766019 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ I-6 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹1747375 യാണുള്ളത്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| വർഷം | 2020-21 |
| മുന്നിരിപ്പ് | 53938058 |
| വരവ് | 98592767 |
| ആകെ | 152530825 |
| ചെലവ് | 123550301 |
| നീക്കിയിരിപ്പ് | 28980524 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 280967 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 27945000 | 27945000 | 26374464 | 1570536 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 935000 | 935000 | 805227 | 129773 |
| വികസന ഫണ്ട് - ടി.എസ്.പി | 0 | 9722000 | 9722000 | 8589213 | 1132787 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 9190000 | 9190000 | 1093138 | 8096862 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | 0 | 15601943 | 15601943 | 10490476 | 5111467 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 14092000 | 14092000 | 14092000 | 0 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 0 | 7560747 | 7560747 | 5075354 | 2485393 |

| | | | | | |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 779668 | 157042838 | 157822506 | 157819397 | 3109 |
| സാക്ഷരത | 531582 | 21263 | 552845 | 0 | 552845 |
| ടോട്ടൽ സാനിറ്റേഷൻ | 165600 | 0 | 165600 | 0 | 165600 |
| ഐ.സി.ഡി.എസ് | 3762701 | 1507370 | 5270071 | 1532441 | 3737630 |
| പട്ടികജാതി വികസനം | 1100000 | 0 | 1100000 | 0 | 1100000 |
| എം.പി. എൽ.എ.ഡി | 50708 | 1653 | 52361 | 36 | 52325 |
| ശുചിത്വ മിഷൻ | 1626971 | 2640670 | 4267641 | 1644894 | 2622747 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 39500 | 114000 | 153500 | 9000 | 144500 |
| ജലനിധി | 1737790 | 938539 | 2676329 | 125435 | 2550894 |
| സ്പെസിഫിക്ക് പർപ്പസ് ഫണ്ട് | 8310584 | 443500 | 8754084 | 43500 | 8710584 |
| മറ്റു ഗ്രാന്റുകൾ, ഫണ്ടുകൾ | 8080096 | 0 | 8080096 | 1249055 | 6831041 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ % |
|---|---|---|---|---|---|---|
| 259 | 156533537 | 193 | 87796834 | 0 | 66 | 74.52 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്കുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 32 | 20 | 11853211 | 7474735 | 63.06 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 14 | 8 | 4492600 | 3401976 | 75.72 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 112 | 87 | 52479363 | 38903405 | 74.13 |
| 4 | കൃഷി ഓഫീസർ | 20 | 19 | 16609983 | 8375384 | 50.43 |
| 5 | വി.ഇ.ഒ. കീഴ്പ്പള്ളി | 10 | 6 | 31837159 | 4137991 | 13 |
| 6 | വി.ഇ.ഒ. എടൂർ | 14 | 10 | 7859600 | 4835000 | 61.52 |
| 7 | മെഡിക്കൽ ഓഫീസർ CHC കീഴ്പ്പള്ളി | 10 | 9 | 1836388 | 1396962 | 76.07 |
| 8 | മെഡിക്കൽ ഓഫീസർ FHC, ആറളം | 6 | 4 | 1466000 | 626000 | 42.70 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 800000 | 800000 | 100 |
| 10 | മെഡിക്കൽ ഓഫീസർ ഹോമിയോ | 4 | 3 | 1250000 | 739989 | 59.2 |
| 11 | വെറ്റിനറി സർജൻ | 12 | 10 | 6996700 | 4553600 | 65.08 |

| | | | | | | |
|---|---|---|---|---|---|---|
| 12 | ICDS സൂപ്പർവൈസർ | 8 | 6 | 8845000 | 7433529 | 84.04 |
| 13 | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 1 | 1 | 2952000 | 166270 | 5.63 |
| 14 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 4875533 | 3376789 | 69.26 |
| 15 | ഹെഡ് മാസ്റ്റർ | 13 | 7 | 2380000 | 1575204 | 66.19 |
| | ആകെ | 259 | 193 | 156533537 | 87796834 | 56.09 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 779668 | 1544048 | 2323716 | 2320607 | 3109 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 155498790 | 155498790 | 155498790 | 0 |
| ആകെ | 779668 | 157042838 | 157822506 | 157819397 | 3109 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 334 | 5409800 |
| വിധവാ പെൻഷൻ | 1113 | 17382100 |
| വാർദ്ധക്യകാല പെൻഷൻ | 2348 | 35471800 |
| വികലാംഗ പെൻഷൻ | 38 | 6132900 |
| അവിവാഹിത പെൻഷൻ | 46 | 679400 |
| വിവാഹ ധനസഹായം | 5 | 150000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-1-2022 ന് 2.30 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹7,876 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും കാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരികത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് തീരുമാനങ്ങൾ എടുക്കുന്നുണ്ടെങ്കിലും സ്റ്റാഫ് മീറ്റിംഗിൽ മുൻപത്തെ യോഗ തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തിക്കാണുന്നില്ല.

## 1-10 ഗ്രാമ സഭ

കോവിഡ് രോഗ വ്യാപനമുള്ളതിനാൽ ഗ്രാമ പഞ്ചായത്തിലെ പതിനേഴ് വാർഡുകളിലും തൻവർഷം 2/2021

ൽ ഒരു തവണ മാത്രമാണ് ഗ്രാമസഭായോഗം ചേർന്നിട്ടുള്ളത്. 2/2021ലെ പ്രധാന അജണ്ട 2021-22 വർഷത്തെ പദ്ധതി രൂപീകരണം, 2020-21 ലെ വാർഷിക വരവ് ചെലവ് കണക്ക് അംഗീകരിക്കൽ, ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ് അംഗീകരിക്കൽ, 2021-22 ലെ വാർഷിക പദ്ധതി രൂപീകരണം, പി.എം.എ.വൈ ആവാസ് യോജന അംഗീകരിക്കൽ എന്നിവയായിരുന്നു. ഗ്രാമസഭാ മിനുട്സുകളിൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയതിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ പ്രതിനിധികളായി 15 പേരെങ്കിലും ഒപ്പു വെക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

## 1-11 റദ്ദാക്കിയ രസീത് പ്രകാരം വരവ് ചേർത്തു.

സാംഖ്യ സോഫ്റ്റ്‌വെയറിലെ ക്യാൻസൽ ചെയ്ത രസീതിയുടെ ലിസ്റ്റ് പരിശോധിച്ചതിൽ റദ്ദാക്കിയ രസീത് പ്രകാരം തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ വരവ് വെച്ചിട്ടുണ്ട് . വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | റദ്ദാക്കിയ രസീത് നം/തീയതി | കെട്ടിട നം | കെട്ടിട ഉടമസ്ഥൻ | സഞ്ചയയിൽ വരവ് രേഖപ്പെടുത്തിയ നികുതി |
|---|---|---|---|---|
| 1 | 120030100036 04/05/2020 | 17/278 | ചൂര്യോട്ട് അബ്ദുള്ള | 336 |
| 2 | 120030100165 27/05/2020 | 15/22 | കട്ടക്കൽ ആഗസ്തി | 111 |
| 3 | 120030100338 11/06/2020 | 7/44 | സിമി മൈക്കിൾ | 1588 |
| 4 | 120030100383 17/06/2020 | 7/321 A | നടുവീട്ടിൽ വിൽസൺ | 651 |
| 5 | 120030100643 16/07/2020 | 11/122 | മത്തിപ്പറമ്പിൽ ജോസഫ് | 122 |
| 6 | 120030100652 17/07/2020 | 4/30A | കുട്ടായി പറമ്പിൽ സമീറ | 355 |
| 7 | 120030100745 29/07/2020 | 15/23 | കാരക്കാട്ട് മാത്യു | 249 |
| 8 | 120030100754 29/07/2020 | 16/345A | മൊയ്തീൻ പൊയിലൻ | 559 |
| 9 | 120030100769 30/07/2020 | 12/42 A | നടുപറമ്പിൽ ജയിംസ് | 278 |
| 10 | 120030100812 05/08/2020 | 11/121 A | പുളിഞ്ചിപറമ്പിൽ ഗോപാലൻ | 328 |
| 11 | 120030101252 15/09/2020 | 13/236 C | കണ്ണിപ്പൊയിൽ മുസ്തഫ | 1019 |
| 12 | 120030101256 15/09/2020 | 15/84 A | പാറയിൽ താഹിറ | 1405 |
| 13 | 120030101258 15/09/2020 | 15/84 C | പാറയിൽ താഹിറ | 339 |

| | | | | |
|---|---|---|---|---|
| 14 | 120030101259 22/09/2020 | 7/142 | ദിലീപ് കുമാർ പി വി | 89 |
| 15 | 120030101261 22/09/2020 | 1/214 | കുറ്റാരപ്പള്ളി ജോസഫ് | 364 |
| 16 | 120030101273 23/09/2020 | 7/77 A | ജോബി പി ജോർജ് | 731 |
| 17 | 120030101278 23/09/2020 | 10/371 | എടക്കണ്ടി ഗോവിന്ദൻ | 331 |
| 18 | 120030101287 23/09/2020 | 14/130 C | കുവ്വച്ചാലിൽ ഉത്തമൻ | 829 |
| 19 | 120030101287 23/09/2020 | 8/505 | പുഞ്ചാൽ ജോളി | 112 |
| 20 | 120030101334 24/09/2020 | 6/306 B | കണ്ടത്തിൽ പുതിയ പുരയിൽ കുഞ്ഞിമൊയ്തീൻ | 1449 |
| 21 | 120030101346 25/09/2020 | 15/282 E | ചാത്തോത്ത് ഇസ്മയിൽ ഹാജി | 1274 |
| 22 | 120030101422 01/10/2020 | 1/151 A | വിൽസന്റ് ടി ഡി | 458 |
| 23 | 120030101476 06/10/2020 | 12/155 | താഴെക്കാട്ട യോഹന്നാൻ | 434 |
| 24 | 120030101525 08/10/2020 | 17/386 | മൂങ്ങമാക്കൽ തോമസ് ജേക്കബ് | 189 |
| 25 | 120030101584 13/10/2020 | 13/190 C | പെരുന്തായിൽ മറിയം സക്കറിയ | 1004 |
| 26 | 120030102708 04/01/2021 | 15/311 | ചാത്തോത്ത് നഫീസ | 226 |
| 27 | 120030104424 22/02/2021 | 2/161 A | കങ്കൽ ചാക്കോ | 420 |
| 28 | 120030104553 24/02/2021 | 1/565 A | തടത്തിൽ മാത്യു | 206 |
| 29 | 120030105005 03/03/2021 | 15/82 | മങ്ങലോടൻ നസീമ | 126 |
| 30 | 120030105223 06/03/2021 | 17/363 | തണ്ണിക്കുഴിയിൽ ജോസഫ് ടി വി | 98 |
| | ആകെ | | | 15680 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/21-1-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. റദ്ദാക്കിയ രസീത് പ്രകാരം സഞ്ചയയിൽ വരവ് ചേർത്തിട്ടുള്ളതിനാൽ തുക നഷ്ടമാവാനിടയുണ്ട്. ആയത് പരിശോധിച്ച് തുക നഷ്ടമായിട്ടുണ്ടെങ്കിൽ നഷ്ടത്തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതും ക്യാൻസൽ ചെയ്ത രസീതി

എപ്രകാരമാണ് സഞ്ചയയിൽ വരവ് വെച്ചതെന്ന് വ്യക്തമാക്കേണ്ടതുമാണ്. ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി - ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി സംബന്ധിച്ച സ.ഉ (അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിനൊപ്പം റസിഡൻഷ്യൽ ഹോം സ്റ്റേ എന്ന വിഭാഗം കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 53/2020/തസ്വഭവ തീയതി 8-9-2020 പ്രകാരം ഈ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ അടിസ്ഥാന നികുതി നിരക്കുകൾ പരിശോധിച്ചതിൽ പഞ്ചായത്തിന് പ്രസ്തുത വിഭാഗം കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(4/11-1-2022) ലഭ്യമാക്കിയ മറുപടിയിൽ അടിസ്ഥാന നികുതി നിജപ്പെടുത്തുന്നതിന് ഭരണ സമിതിയോട് ശുപാർശ ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്ററർ പരിശോധിച്ചതിൽ 2014-15, 2015-16 കാലയളവിൽ വിവിധ റസിഡൻഷ്യൽ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിലും പെർമിറ്റ് കാലാവധിക്ക് ശേഷം മേൽ കെട്ടിടങ്ങളുടെ പെർമിറ്റ് പുതുക്കുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിക്കാൻവേണ്ടി അപേക്ഷ നൽകുകയോ ചെയ്തതായി കാണുന്നില്ല പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറുമായി താരതമ്യ പരിശോധന നടത്തിയപ്പോൾ നാളിതുവരെ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിച്ചതായും ഇല്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ കാലാവധി | കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം | സഞ്ചയപ്രകാരം നിർണ്ണയിച്ച നികുതി |
|---|---|---|---|---|---|
| 1 | 12/136 | കാടാങ്ങോടൻ ബാലകൃഷ്ണൻ | A2 2166/15 7-5-18 | 113.43 (Exi) 89.56(Prop) | താഴത്തെ നില-90 ച. മീ |
| 2 | 8/73 | ചുക്കനാനിക്കൽ വത്സമ്മ ജോസ് | A2 4018/15 9-8-15 | 82.55(Exi) 24.04(Prop) | താഴത്തെ നില-90 ച. മീ |
| 3 | 6/1 | പൂവ്വത്തോലിൽ ജോസഫ് തോമസ് | A2 60/16 11-1-19 | 51.52(Exi) 75.13(Prop) | താഴത്തെ നില-66 ച. മീ |
| 4 | 8/39 | അടക്കമുണ്ടക്കൽ ഷാജി | 158/2014-15 31-12-17 | 106.25(Exi) 104.12(Prop) | താഴത്തെ നില-116 ച. മീ |
| 5 | 15/218 | കണ്ടോത്ത് അബ്ദുൾ റഫീഖ് | 177/2014-15 | 110.57(Exi) 104.12(Prop) | താഴത്തെ നില-100 ച. മീ |

| | | | | | |
|---|---|---|---|---|---|
| | | 28-1-18 | | | |

ഇപ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/16-1-2022) ലഭ്യമാക്കിയ മറുപടിയിൽ നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ സമർപ്പിക്കാത്തവരോട് ആയത് സമർപ്പിക്കാൻ ആവശ്യപ്പെടുന്നതാണെന്നും ഇത്തരത്തിലുള്ള മറ്റുകെട്ടിടങ്ങൾ പരിശോധിച്ച് മുൻകാല പ്രാബല്യത്തോടെ നികുതി നിർണ്ണയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും നിലവിലുള്ള അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് ആയതിൽ നിന്നും കൂട്ടിചേർക്കൽ വരുത്തിയതും ഘടന പരമായ മാറ്റങ്ങൾ വരുത്തിയതുമായ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-14 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി FTE&OS ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. എന്നാൽ 2020-21 വർഷം ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം പഞ്ചായത്തിലെ 17 വാർഡുകളിലായി ആകെ 1808 കെട്ടിടങ്ങൾക്ക് വാണിജ്യം, വ്യവസായം, ലോഡ്ജിംഗ് എന്നീ ആവശ്യങ്ങൾക്കായി കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. ഓഡിറ്റിനു ലഭ്യമാക്കിയ 2020-21 വർഷത്തെ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 304 സ്ഥാപനങ്ങൾക്കാണ് തൻ വർഷം ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വാണിജ്യ /വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയ 365 കെട്ടിടങ്ങളുടെ വിവരങ്ങളാണ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ അനധികൃതമായി പ്രവർത്തിച്ചുവരുന്നുണ്ടാവാം എന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. യഥാർത്ഥത്തിൽ പഞ്ചായത്ത് പരിധിയിലുള്ള വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തിനാൽ എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ നികതി ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കാൻ ഇടയുണ്ട്. ഗ്രാമ പഞ്ചായത്തിലുള്ള 17 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ്തയ്യാറാക്കി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്.

## 1-15 എഫ് ടി ഇ & ഒ എസ് ലൈസൻസ് - 50 വ്യാപാര സ്ഥാപനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കി

2019-20 കാലയളവിലെ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 വർഷം 294 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. 2020-21 വർഷത്തെ രജിസ്റ്റർ പ്രകാരം ആകെ 304 സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ട്. ആയതിൽ 60 സ്ഥാപനങ്ങൾക്ക് പുതിയതായി ലൈസൻസ് അനുവദിച്ചിട്ടുള്ളതാണ്. മുൻ വർഷം ലൈസൻസ് എടുത്ത 244 സ്ഥാപനങ്ങൾ മാത്രമാണ് 2020-21 വർഷം ലൈസൻസ് പുതുക്കിയിട്ടുള്ളത്. ബാക്കി 50 സ്ഥാപനങ്ങളെ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് ഡിമാന്റിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10, തീയതി 13.07.2022) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് സാഹചര്യത്തിൽ അടച്ചുപൂട്ടിയതാണെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കണമെന്ന സ്ഥാപന ഉടമയുടെ അപേക്ഷയോ സ്ഥാപനം പ്രവർത്തിക്കുന്നില്ലെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ

റിപ്പോർട്ടോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മുൻ വർഷം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള ഒരു സ്ഥാപനത്തെ തൻവർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കണമെങ്കിൽ ആയതിനു മുമ്പ് ധനകാര്യ കമ്മിറ്റിയിൽ ചർച്ചചെയ്ത് ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നതിന് ശുപാർശ ചെയ്യേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ ഇപ്രകാരം ശുപാർശ ചെയ്തിട്ടില്ല. ആയതിനാൽ കൃത്യമായൊരു അന്വേഷണം നടത്തി ഈ കാലയളവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ച മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കേണ്ടതും പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.

ഷോപ്പിംഗ് കോംപ്ലക്സിലെ 17/452, 17/453, 17/454 എന്നീ മുറികൾ വാടകയ്ക്ക് എടുത്ത കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന് പ്രതിമാസം നിശ്ചയിച്ചിരിക്കുന്ന വാടക ₹1873 യാണ്( ജി.എസ്.ടി 18% ഉൾപ്പെടെ). എന്നാൽ പ്രതിമാസം ₹1370 മാത്രമാണ് അടവാക്കിയിട്ടുള്ളത്. വർഷാവർഷം വാടകയിൽ 5% വർദ്ധനവ് വരുത്തിയിട്ടുണ്ടെങ്കിലും 2017-18 സാമ്പത്തിക വർഷം നിശ്ചയിച്ച വാടകയായ ₹1370 മാത്രമാണ് നിലവിൽ അടവാക്കി വരുന്നത്. ആയതിനാൽ 2020-21 വർഷം വാടകയിനത്തിൽ ₹2604 യും ജി.എസ്.ടി ഇനത്തിൽ ₹3420 യും അടവാക്കാൻ ബാക്കിയുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/16-1-2022) ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശിക ഈടാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലുൾപ്പെടെയുള്ള കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282(1) എ പ്രകാരവും, 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്), ചട്ടം 79 പ്രകാരവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിൽ പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തിയിട്ടുള്ളതിനാൽ 14-1-2020 ലെ സർക്കുലർ നമ്പർ എസി 1/125/2019-തസ്വഭവ പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകകൾ മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2020-21 ലെ വാർഷിക ധനകാര്യപത്രിക ബി 7 ഷെഡ്യൂൾ പ്രകാരം വിവിധ ഇനങ്ങളിലെ ഡെപ്പോസിറ്റായി ആകെ ₹1080424 നീക്കിയിരിപ്പുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം ഇപ്രകാരം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. 2010 മുതൽ ലഭിച്ച തുകകൾ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/13-1-2022) മറുപടിയായി കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നീക്കിയിരിപ്പായിട്ടുള്ള ഡെപ്പോസിറ്റ് തുകകൾ കൃത്യമായി പരിശോധിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ സംബന്ധിച്ച വിവരം ധനകാര്യ കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ബോധ്യപ്പെടുത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-18 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (FHC) നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പ്രകാരം മരുന്നു വാങ്ങലിനായി തുക ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1)

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നമ്പർ, പേര് / അടങ്കൽ | ചെലവ് തുക, ബിൽ നം/ തീയതി, ഏജൻസിയുടെ വിവരം | ഇൻവോയിസ് നം/തുക | ലഭ്യമാക്കാൻ ശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ FHC ആറളം ഫാം | 233/21<br>ആറളം ഫാം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ 50000/- (മെയിന്റനൻസ് റോഡിതരം) | 50000/-<br>BRN 20220652013400682144/ 3-11-2020<br>കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 44588/26-3-2021 ₹23869<br>6548/23-9-2021 ₹6562<br>8706/8-11-2021 ₹14123 | ₹5446/- |
| 2. മെഡിക്കൽ ഓഫീസർ FHC ആറളം ഫാം | 139/21<br>ആറളം ഫാം കുടുംബ ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ 300000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 300000/-<br>BRN 20220652013400892571/ 05-01-2021<br>കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 37573/24-2-2021 ₹30797<br>1609/20-5-2021 ₹69835<br>2072/3-6-2021 ₹80674<br>6546/23-09-2021 ₹15476<br>8709/8-11-2021 ₹1120<br>8713/8-11-2021 ₹3332 | ₹98766 |

കേരളാ മെഡിക്കൽ സർവ്വീസസ് കോർപറേഷനിൽ നിന്നും ലഭ്യമാക്കാനുള്ള ₹104212 (5446+98766) യുടെ മരുന്ന ലഭ്യമാകാത്തത് സംബന്ധിച്ച് നൽകിയ 2/11-1-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 KMSCL ന് മുൻകൂർ തുക നല്കി മുഴുവൻ തുകയ്ക്കുള്ള മരുന്നുകളും ലഭ്യമായില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ സി.എച്ച്.സി, കീഴ്പള്ളി

തൻവർഷം വിവിധ പ്രൊജക്ടുകൾ പ്രകാരം KMSCL ന് മുൻകൂർ തുക നല്കിയതിൽ KMSCL ൽ നിന്നും ഇനിയും ലഭ്യമാകാത്ത മരുന്നുകളുടെ വിവരം താഴെ ചേർക്കുന്നു.

| | പ്രൊജക്ട് നമ്പർ / പേര്, അടങ്കൽ | ആകെ ചെലവ് തുക ₹ | KMSCL ന് മുൻകൂർ നൽകിയ തുക ബിൽ റഫറൻസ് നമ്പർ | KMSCL ൽ നിന്നും ലഭ്യമായ മരുന്നിന്റെ വില | ലഭിക്കാനുള്ള മരുന്നിന്റെ വില |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 134/21<br>വൃക്ക രോഗികൾക്ക് തുടർ ചികിത്സ -2020-21<br>100000/- (വികസന ഫണ്ട് – ജനറൽ) | 1,00,000 | ₹100000/- 2012814/21-12-2020 | 63962 | 36038 |
| 2 | 278/2021<br>ജീവിത ശൈലീ രോഗ നിയന്ത്രണ പദ്ധതി<br>89355/- (വികസന ഫണ്ട് – ജനറൽ ) | 88180 | ₹88180/-<br>1012819/29-1-2021 | 75648 | 12532 |
| 3 | 222/21<br>സാന്ത്വന പരിചരണം – 2019-20<br>97033/- (വികസന ഫണ്ട് – ജനറൽ ) | 55891 | ₹55891/-<br>1384067/26-3-2021 | 54192 | 1699 |
| 4 | 130/2021<br>സാന്ത്വന പരിചരണം 2020-21<br>650000 (വികസന ഫണ്ട് – ജനറൽ ) | 565136 | ₹176283/-<br>0305485/30-6-2020 | 117942 | 58341 |
| ആകെ | | 809207 | 420354/- | 311744 | 108610/- |

₹108610/- യുടെ മരുന്നുകൾ ഇതുവരെയും ലഭിക്കാത്തത് സംബന്ധിച്ച് നൽകിയ 5/13-1-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം മരുന്നുകൾ സ്റ്റോക്ക് ഇല്ല എന്നും ആയത് ലഭിക്കുന്ന മുറക്ക് വിവരം ലഭ്യമാക്കാം എന്നുമാണ്. ₹108610/- യുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ജീവിത ശൈലീ രോഗ നിയന്ത്രണ പദ്ധതി - KMSCL ന് മുൻകൂർ തുക നല്കി - മുഴവൻ മരുന്നുകൾ ലഭ്യമായില്ല.₹11977 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി കീഴ്പള്ളി |
| പ്രോജക്ട് നമ്പർ / പേര് | 135/21 ജീവിത ശൈലീരോഗ നിയന്ത്രണ പദ്ധതി |
| അടങ്കൽ | ₹200000 വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹151977 |
| ബിൽ നമ്പർ | 19220652009501302975/20-03-2021 തുക ₹10000<br>ബിൽ നമ്പർ ലഭ്യമല്ല തുക ₹130000 |

മേൽ സൂചിപ്പിച്ച പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങളുണ്ട്.

1. ബിൽ നമ്പർ 19220652009501302975/20-03-2021 പ്രകാരം KMSCLൽ നിന്നും മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിക്കുവാൻ മുൻകൂർ തുക10000 നൽകിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഉപകരണങ്ങൾ KMSCLൽ നിന്നും നാളിതുവരെ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. KMSCL 04-03-2021 തീയതി ലഭ്യമാക്കിയ പ്രോഫോർമ ഇൻവോയിസ് നമ്പർ 5918 പ്രകാരം മുൻകൂർ ആയി തുക ₹130000 നൽകിയിട്ടുണ്ട്. ഇതിൽ ₹115147 യുടെ മരുന്നുകൾ ഓഡിറ്റ് തീയതി വരെ ലഭ്യമായിട്ടുണ്ട്. ₹14853 യുടെ മരുന്നുകൾ ലഭിക്കുവാൻ അവശേഷിക്കുന്നുണ്ട്.

3. പഞ്ചായത്തിന്റെ 2020-21 സുലേഖ ചെലവ് പത്രിക പ്രകാരം പദ്ധതിയുടെ ആകെ തൻവർഷ ചെലവ് തുക ₹151977 യാണ്. ഇതിൽ KMSCLന് മുൻകൂർ നൽകിയ ₹140000 കിഴിച്ച് ബാക്കി തുക ₹11977 യുടെ ചെലവ് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല.

₹14853 യുടെ മരുന്നുകൾ ഇതുവരെയും ലഭിക്കാത്തത് സംബന്ധിച്ച് നൽകിയ 7/13-1-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം മരുന്നുകൾ സ്റ്റോക്ക് എടുക്കുന്നത് DDMS എന്ന സോഫ്റ്റ്‌വെയർ സംവിധാനത്തിൽ ആണെന്നും ആയത് സ്റ്റോക്കിൽ എടുത്തിട്ടുണ്ട് എന്നുമാണ്. ₹11977 യുടെ ചെലവ് രേഖകൾ കണ്ടെത്തുന്ന മുറക്ക് ലഭ്യമാക്കും എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിശോധിക്കുവാൻ ആവശ്യമായ രേഖകൾ /ലോഗിൻ

ഓൺലൈൻ വെരിഫിക്കേഷൻ വിവരങ്ങൾ ഒന്നും ലഭ്യമല്ല മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങളുടെ സ്റ്റോക്ക് സംവിധാനം പരിശോധിക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ സജ്ജമാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. മതിയായ ചെലവ് രേഖകളുടെ അഭാവത്തിൽ ₹11977 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 പാലിയേറ്റീവ് കെയർ പദ്ധതി - അപാകതകൾ

പാലിയേറ്റീവ് കെയർ പദ്ധതി ചെലവുകളുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഗൃഹസന്ദർശന രജിസ്റ്റർ പ്രകാരം ഓരോ ദിവസവും ഗൃഹസന്ദർശനം അവസാനിക്കുന്ന വേളയിൽ താഴെപ്പറയുന്ന കാര്യങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആയത് പ്രകാരം ചെലവുകൾ ക്രമീകരിക്കേണ്ടതുമാണ്.

1. ഉപയോഗിച്ച വാഹനത്തിന്റെ വിവരം.

2. വാഹനം ഓടിയ ദൂരം, തുടങ്ങുമ്പോഴുള്ള റീഡിംഗ്, അവസാനിക്കുമ്പോഴുള്ള റീഡിംഗ്.

3. സന്നദ്ധ പ്രവർത്തകർക്ക് ഭക്ഷണത്തിനായി ചെലവഴിച്ച തുക

4. ഗൃഹസന്ദർശനം അവസാനിച്ച സമയം.

5. സന്നദ്ധ പ്രവർത്തകൻ, പാലിയേറ്റീവ് നേഴ്സ് എന്നിവരുടെ ഒപ്പ് മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപ്പെടുത്തൽ.

മേൽപ്പറഞ്ഞ വിവരങ്ങൾ കൂടി രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനുശേഷം മാത്രമേ ഭാവിയിൽ തുക അനുവദിച്ചുനൽകുവാൻ പാടുള്ളൂ. പാലിയേറ്റീവ് പരിചരണത്തിനുള്ള മാർഗ്ഗരേഖ സ.ഉ (സാധാ)നം 3217/2015 ത.സ്വ.ഭ.വ തീ. 29.10.15) ഖണ്ഡിക 2.5.6 പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് കാലാകാലങ്ങളിൽ വരുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്റ്റിലും വരുത്തേണ്ടതാണ്. വെബ് സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് തുക ചെലവഴിക്കാൻ പാടില്ലായെന്നും നിഷ്കർഷിക്കുന്നു. എന്നാൽ കീഴ്പ്പള്ളി പി എച്ച് സി യിലെ പാലിയേറ്റീവ് കെയർ രോഗികളുടെ പേരുവിവരം വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. രോഗികളുടെ പേരുവിവരം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ 6/13-1-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് സൂക്ഷിക്കുന്നുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിയിൽ ചൂണ്ടിക്കാണിച്ച മറ്റ് അപാകങ്ങൾ കൂടി പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ് .

## 1-22 COVID 19 പ്രതിരോധ പ്രവർത്തനം - കീഴ്പള്ളി പി എച്ച് സി ക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ -₹6479 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി കീഴ്പ്പള്ളി |
| പ്രോജക്റ്റ് നമ്പർ / പേര് | 292/21<br>COVID 19 പ്രതിരോധ പ്രവർത്തനം കീഴ്പള്ളി പി എച്ച് സി ക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ (വികസന ഫണ്ട് – ജനറൽ ) |
| അടങ്കൽ | ₹200000 വികസന ഫണ്ട് |
| ചെലവ്/ബിൽ നം. | ₹198740 / 19220652009901024008 – 12.01.2021 |

മേൽ സൂചിപ്പിച്ച പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പരിശോധിച്ച രേഖകൾ പ്രകാരം ആകെ ₹192261 യുടെ ചെലവ് രേഖകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. നൽകിയ 8/13-1-2-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ₹6479 യുടെ ചെലവ് നീതി മെഡിക്കൽ സ്റ്റോറിൽനിന്നും മരുന്ന് വാങ്ങുന്നത് സംബന്ധിച്ച ചെലവ് ആണെന്നും വൗച്ചർ കണ്ടു കിട്ടുന്ന മുറക്ക് ആയതു ലഭ്യമാക്കും എന്നാണ്. മരുന്ന് വാങ്ങിയതിന്റെ വൗച്ചർ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹6479 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 പട്ടിക ജാതി വിദ്യാർഥികൾക്ക് പഠനമുറി പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ/പേര് | 174/21 പട്ടിക ജാതി വിദ്യാർഥികൾക്ക് പഠനമുറി |
| അടങ്കൽ | ₹75000 വികസന ഫണ്ട് |

| | |
|---|---|
| | ₹62600 വികസന ഫണ്ട് ( SCP )<br>ആകെ : ₹137600 |
| ചെലവ് | ₹29214 വികസന ഫണ്ട് / ബിൽ നമ്പർ : 19220652009900034790/11-4-2020<br>₹62600 വികസന ഫണ്ട്-SCP / ബിൽ നമ്പർ : 19220652009901024004/2-2-2021<br>ആകെ : ₹91814 |
| ഗുണഭോക്താവിൻറെ പേര് | ശ്രീ. വിഷ്ണു സുരേഷ്, S/O സുരേഷ്. കെ. കെ, കമ്മരത്തങ്കൽ വീട്, വട്ടപ്പറമ്പ്, കീഴ്പ്പള്ളി എന്ന വിദ്യാർത്ഥിക്ക് ₹91814 നൽകി.<br>(2019-20 ൽ 21/20 നമ്പർ പ്രോജക്ട് പ്രകാരം ₹62400 നൽകിയിരുന്നു.)<br>(ആകെ നൽകിയ ആനുകൂല്യം : ₹154214) |

മേൽ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങളുണ്ട്.

14.02.18 ലെ ജി.ഒ(എം.എസ്) 22/18 തസ്വഭവ നമ്പർ ഉത്തരവിലെ 7.2.17 ഖണ്ഡിക പ്രകാരം എസ്.സി വിഭാഗം വിദ്യാർഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിന് വീടിനോട് ചേർന്ന് ഒരു പഠന മുറി നിർമ്മിച്ച നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. മേൽ ഉത്തരവ് പ്രകാരം പഠന മുറി നൽകുന്ന ഗുണഭോക്താവിന് നിലവിലുള്ള 800 ചതുരശ്ര അടി വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിയ്ക്കാതെ പഠന മുറി അനുവദിയ്ക്കാവുന്നതാണ്. സ ഉ(സാധ) 2636/2018/ത.സ്വ.ഭ.വ തീയതി 15-10-2018 പ്രകാരം പഠനമുറിയുടെ തറവിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി 120 ചതുരശ്ര അടിയാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ 16-10-2020 തീയതിയിലെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 160 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന പഠന മുറിയാണ് ഗുണഭോക്താവ് നിർമ്മിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി ആനുകൂല്യമായി ₹154214 യാണ് ഗുണഭോക്താവിന് നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് 11.01.2022 ന് നൽകിയ ഒന്നാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താവിന് അധികം തുക നൽകിയിട്ടില്ല എന്നാണ് അറിയിച്ചത്. പഠനമുറിയുടെ തറവിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി 120 ചതുരശ്ര അടിയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ പഠനമുറിയുടെ തറവിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി 120 ചതുരശ്ര അടിയിൽ പരിമിതപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമാണ് അവസാന ഗഡു ആനുകൂല്യം അനുവദിക്കേണ്ടത്.

## 1-24 പഞ്ചായത്ത് ഓഫീസിലേക്ക് ലാപ് ടോപ് വാങ്ങൽ -ലാപ് ടോപ് ലഭ്യമായില്ല ₹66956 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ആറളം ഗ്രാമ പഞ്ചായത്ത് |
| പ്രൊജക്ട് നമ്പർ / പേര് | 277/21 പഞ്ചായത്ത് ഓഫീസിലേക്ക് ലാപ് ടോപ് വാങ്ങൽ |
| അടങ്കൽ | ₹80,000 തനത് ഫണ്ട് |
| ചെലവ് | ₹66,956 വൗച്ചർ നമ്പർ/തിയതി : 22000911/8-1-21 |

പഞ്ചായത്ത് ഓഫീസിലേക്ക് ലാപ് ടോപ് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം 2 ലാപ് ടോപുകൾ കെൽട്രോണിൽ നിന്ന് CPRCS നിരക്കിൽ വാങ്ങുന്നതിനായി ₹66,956 കെൽട്രോണിന് നൽകിയിട്ടുണ്ട്. കെൽട്രോൺ ലഭ്യമാക്കിയ 23-10-2020 ലെ പ്രോഫോർമ്മ ഇൻവോയ്സ് നമ്പർ TVM/ITBG/PI/RC/19790/2020-2021 പ്രകാരമാണ് കേരള ഐ.ടി മിഷന്റെ 799011400003959 നമ്പർ അക്കൗണ്ടിലേക്ക് തുക കൈമാറിയത്. എന്നാൽ ലാപ് ടോപുകൾ പഞ്ചായത്തിന് ലഭിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. കെൽട്രോണിൽ നിന്നുള്ള ഫൈനൽ ബില്ലും ലാപ് ടോപുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 23/20-1-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ലാപ് ടോപുകൾ പഞ്ചായത്ത് ഓഫീസിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടർ വാങ്ങൽ - കംപ്യൂട്ടർ ലഭ്യമായില്ല ₹195555 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ആറളം ഗ്രാമ പഞ്ചായത്ത് |
| പ്രൊജക്ട് നമ്പർ / പേര് | 276/21 പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | ₹2,01,000 തനത് ഫണ്ട് |
| ചെലവ് | ₹1,95,555 വൗച്ചർ നമ്പർ/തിയതി : 22000912/8-1-21 |

പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടർ വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് ഓഫീസിലേക്ക് 5 കംപ്യൂട്ടറുകൾ കെൽട്രോണിൽ നിന്ന് CPRCS നിരക്കിൽ വാങ്ങുന്നതിനായി തനത് ഫണ്ട് ₹201000 വകയിരുത്തുകയും വൗച്ചർ നമ്പർ 22000912/8-1-2021

പ്രകാരം ₹195,555 കെൽട്രോണിന് നൽകുകയും ചെയ്തിട്ടുണ്ട്. കെൽട്രോൺ ലഭ്യമാക്കിയ 23-10-2020 ലെ പ്രോഫോർമ്മ ഇൻവോയ്സ് നമ്പർ TVM/ITBG/PI/RC/19789/2020-2021 പ്രകാരമാണ് കേരള ഐ.ടി മിഷന്റെ 799011400003959 നമ്പർ അക്കൗണ്ടിലേക്ക് തുക കൈമാറിയത്. എന്നാൽ കംപ്യൂട്ടറുകൾ പഞ്ചായത്തിന് ലഭിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. കെൽട്രോണിൽ നിന്നുള്ള ഫൈനൽ ബില്ലും കംപ്യൂട്ടറുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 22/20-1-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹195555/- തടസ്സപ്പെടുത്തുന്നു.

## 1-26 ആറളം ഫാം ഹോമിയോ ആശുപത്രി,വീർപ്പാട് ഹോമിയോ ഡിസ്പെൻസറി എന്നിവയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| പ്രോജക്ടിന്റെ നമ്പരും പേരും | 132/21 ആറളം ഫാം ഹോമിയോ ആശുപത്രി,<br>വീർപ്പാട് ഹോമിയോ ഡിസ്പെൻസറി എന്നിവയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹600000 റോഡിതര സംരക്ഷണഗ്രാന്റ് |
| ചെലവ് | ₹600000 റോഡിതര സംരക്ഷണഗ്രാന്റ്<br>BRN20220652013000916407/08.01.21 |

ആറളം ഫാം ഹോമിയോ ആശുപത്രി, വീർപ്പാട് ഹോമിയോ ഡിസ്പെൻസറി എന്നിവയിലേക്ക് മരുന്ന് വാങ്ങൽ എന്ന മേൽപദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി ₹600000 ഹോംകോക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഇതുവരെയായി ലഭ്യമായിട്ടില്ല. 06-01-21 ലെ 95/GHHAF/2021 നമ്പർ കത്ത് മുഖേന മരുന്നുകൾ ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/20.01.2022 ന് 2022 ജനുവരിയിൽ മരുന്നുകൾ ലഭ്യമാക്കുമെന്ന് ഹോംകോ അറിയിച്ചിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. മരുന്നുകൾ ലഭ്യമാക്കാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ഐ.കെ.എം ന് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ആറളം ഗ്രാമ പഞ്ചായത്ത് |
| പ്രൊജക്ട് നമ്പർ / പേര് | 2/21 ഐ.കെ.എം ന് വിഹിതം നൽകൽ |
| അടങ്കൽ | ₹1,33,000 വികസന ഫണ്ട് |
| ചെലവ് | ₹1,33,000 ബിൽ നമ്പർ /തിയതി : 20220652009801142172/24.02.21 |

2020-21 സാമ്പത്തിക വർഷം ആറളം ഗ്രാമ പഞ്ചായത്ത് വിഹിതമായി ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയ ₹133,000 യുടെ കൈപ്പറ്റ് രശീതിയും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-28 മാലിന്യ സംസ്കരണ പ്ലാന്റ് - സ്ഥലം വാങ്ങലും കെട്ടിട നിർമ്മാണവും - ₹1,71,246 യുടെ കെട്ടിട നിർമ്മാണം പാതി വഴിയിൽ ഉപേക്ഷിച്ചു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | അസിസ്റ്റന്റ് എഞ്ചിനീയർ |
|---|---|---|
| പ്രോജക്ട് നമ്പർ /പേര് | 166/21<br>മാലിന്യ സംസ്കരണ പ്ലാന്റിന് സ്ഥലം വാങ്ങൽ | 214/21<br>മെറ്റീരിയൽ കലക്ഷൻ സെന്ററിന് കെട്ടിട നിർമ്മാണം |
| അടങ്കൽ | ₹10,00,000<br>വികസന ഫണ്ട് പൊതു വിഭാഗം | ₹10,50,000<br>വികസന ഫണ്ട് പൊതു വിഭാഗം |
| ചെലവ് തുക | ₹9,59,400 | ₹1,71,246 |
| ബിൽ നമ്പർ/തീയ്യതി | BRN | 14/20-21/11-5-2020 |

| | | |
|---|---|---|
| | 2022065200980002909811-4-2020 | |
| കരാറുകാരൻ | - | വിപിൻ തോമസ് |
| എഗ്രിമെന്റ് | - | AE/LSGD/ARLM/61/2019-20/7-12-2019 |

മാലിന്യ സംസ്കരണ പ്ലാന്റിന് സ്ഥലം വാങ്ങുകയും അവിടെ മെറ്റീരിയൽ കലക്ഷൻ സെന്ററിന് കെട്ടിട നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആറളം വില്ലേജിലെ 239/1 റീ സർവ്വേ നമ്പറിൽപ്പെട്ട വീർപ്പാട് പൊതു ശ്മശാനത്തോട് ചേർന്നിട്ടുള്ള41.19 സെന്റ് സ്ഥലം വാങ്ങുന്നതിന് ₹9,59,400 യും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിട നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് ₹1,71,246 യും ഉൾപ്പെടെ ആകെ ₹11,30,646ചെലവഴിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പാർട്ട് ബിൽ ലഭിച്ചതിന് ശേഷം പരിസരവാസികൾ പ്രവൃത്തി തടസ്സപ്പെടുത്തിയതിനാൽ തുടർന്ന് പ്രവൃത്തി നടത്തുന്നതിനുള്ള സാഹചര്യം ഒരുക്കിത്തരണമെന്നുള്ള കരാറുകാരനായ വിപിൻ തോമസിന്റെ കത്തിൻമേൽ അസിസ്റ്റന്റ് എഞ്ചിനീയർ 22-5-2020 ന് കരാറുകാരന്റെ അപേക്ഷ ഭരണസമിതിയുടെ തീരുമാനത്തിനും തുടർനടപടികൾക്കുമായി സെക്രട്ടറിക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത് പരിഗണിച്ച് മെറ്റീരിയൽ കലക്ഷൻ സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രദേശവാസികളുടെ എതിർപ്പ് നിലനിൽക്കുന്നതിനാൽ 19-2-2021 ലെ 2/9/2021 നമ്പർ തീരുമാന പ്രകാരം ഭരണസമിതി പ്രസ്തുത പ്രോജക്ട് ഒഴിവാക്കാൻ തീരുമാനിച്ചു. മേൽ പ്രോജക്ട് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് പ്രദേശവാസികളുടെ എതിർപ്പ്, പ്രദേശവാസികളുമായി ഗ്രാമ പഞ്ചായത്ത് ഇക്കാര്യത്തിൽ ഇടപെട്ടതിന്റെ വിവരം എന്നിവ സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത് പരിഗണിച്ച് ഭരണസമിതി പ്രോജക്ട് ഒഴിവാക്കാൻ തീരുമാനിക്കുകയാണ് ചെയ്തത്. ഇത് സംബന്ധിച്ച് നൽകിയ 25/21-1-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2020-21 | 17-1-2022, 18-1-2022 | കെ.എസ്.എ/കെ.എൻ.ആർ/സി.10/100/2022 തീ. 07.04.2022 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾക്കായി 2020-21 വർഷം ലഭിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 320000 | 97/21 ലൈഫ് മിഷൻ ഭവന പദ്ധതി | 320000 | ഇല്ല |
| 2 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 500000 | | 500000 | ഇല്ല |
| 3 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 400000 | 100/21 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 400000 | ഇല്ല |
| 4 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 643270 | 118/21 ക്ഷീക കർഷകർക്ക് ഉൽപ്പാദന ബോണസ് | 643270 | ഇല്ല |
| 5 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1398142 | | 1398142 | ഇല്ല |
| 6 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 204105 | 152/21 നെൽകൃഷിക്ക് കൂലിച്ചെലവും വിത്തിനും സബ്സിഡി | 204105 | ഇല്ല |
| 7 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 835377 | 181/21 (SO) ക്ഷീര കർഷകർക്ക് ഉൽപ്പാദന ബോണസ് | 835377 | ഇല്ല |
| 8 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 212500 | 279/21 പട്ടിക വർഗ്ഗ വനിതകൾക്കും വനിതാ ഗ്രൂപ്പുകൾക്കും പച്ചക്കറി കൃഷിക്ക് സബ്സിഡിയും പച്ചക്കറി വിത്ത് വിതരണവും 2019-20 | 212500 | ഇല്ല |

മുൻ വർഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച ₹1020000/- ലൈഫ് മിഷൻ ഭവന പദ്ധതി (232/21) എന്ന പ്രോജക്ടിനായി തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | GO. (RT) No.688/2019/ ത.സ്വ.ഭ.വ/ 22-3-2019 | 2,46,40,000 | 22963529 | 17,26,195 | - | 2,12,37,334 |

* ജി.ഒ പ്രോജക്റ്റ് പ്രകാരം വികസന ഫണ്ട് എസ്.സി.പി, ടി.എസ്.പി എന്നിവയിൽ നിന്നും KURDFC ലോൺ തുകയായി 2019-20 ൽ തിരിച്ചടച്ച ₹29,412 യും 2020-21 ൽ തിരിച്ചടച്ച ₹29254 യും ഉൾപ്പെടെ ആകെ ₹58,666/- വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ B-5 ഷെഡ്യൂൾ പ്രകാരം വായ്പ തിരിച്ചടക്കാൻ ബാക്കി ₹2,12,96,000 എന്നാണുള്ളത്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 2996520 |
| തൻവർഷം നിക്ഷേപിച്ചത് | 237010 |
| ആകെ | 3233530 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 3233530 |

| ക്രമ നമ്പർ | സ്ഥിര നിക്ഷേപത്തിന്റെ വിവരം | കാലാവധി | തുക |
|---|---|---|---|
| 1 | പായം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, എടൂർ FD നമ്പർ 001001028145/31-3-2021 | 31-3-2022 | 1169088 |
| 2 | ഇരിട്ടി കോ ഓപ്പറേറ്റീവ് റൂറൽ, എടൂർ ബാങ്ക് FD നമ്പർ 151/2016-17/7-9-2020 | 7-9-2021 | 688148 |

| | | | |
|---|---|---|---|
| 3 | ആറളം കോ ഓപ്പറേറ്റീവ് ബാങ്ക്, കീഴ്പ്പള്ളി<br>FD നമ്പർ 10843/13-8-2020 | 13-8-2021 | 1376294 |
| | ആകെ | | 3233530 |

* സ്ഥിര നിക്ഷേപത്തിന്റെ സർട്ടിഫിക്കറ്റ് പ്രകാരം 2019-20ൽ പലിശ ഉൾപ്പെടെ പുതുക്കി സ്ഥിര നിക്ഷേപമാക്കി മാറ്റിയിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ B-12 പ്രകാരം പലിശ ഉൾപ്പെടെയുള്ള സ്ഥിര നിക്ഷേപം ഉൾപ്പെടുത്തിയിട്ടില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹1278 യുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രശീതി നമ്പർ/തീയ്യതി |
|---|---|---|---|---|
| 2017-18 | 2-5(9) | 1278 | ശശി പുത്തനറയിൽ | 120030100211/1-6-2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14, 2014-15 | 2-1 | 2016-17 | അധ്യായം 2 അനുബന്ധം4 | തൊഴിൽ നികുതി കണക്കാക്കുന്നതിന് വീട്ടുവാടക ഉൾപ്പെടുത്തുന്നു | നിലനിൽക്കുന്നു |
| 2015-16 | 2-4(എ) | 2016-17 | അധ്യായം 2 അനുബന്ധം5 | ഡി & ഒ ലൈസൻസ് അപേക്ഷകളിൽ പരിശോധന റിപ്പോർട്ടോ സെക്രട്ടറിയുടെ തീരുമാനമോ ഇല്ല | നിലനിൽക്കുന്നു |
| 2015-16 | 2-4(ബി) | 2016-17 | അധ്യായം 2 അനുബന്ധം5 | തൊഴിൽ നികുതി അപാകങ്ങൾ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | നിലനിൽക്കുന്നു |
| 2015-16 | 2-4(സി) | 2016-17 | അധ്യായം 2 അനുബന്ധം 5 | തൊഴിൽ നികുതി ഈടാക്കിയില്ല. | നിലനിൽക്കുന്നു |
| 2015-16 | 2-4(ഡി) | 2016-17 | അധ്യായം 2 അനുബന്ധം5 | അസസ്സ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | നിലനിൽക്കുന്നു |
| 2015-16 | 2-4(ഇ) | 2016-17 | അധ്യായം 2 അനുബന്ധം5 | തൊഴിൽ നികുതി ഈടാക്കിയില്ല. | നിലനിൽക്കുന്നു |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ. സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 98592767 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 123550301 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 280967 |

**ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-20 | 11977 | ഡോ. പ്രിയ സദാനന്ദൻ മെഡിക്കൽ ഓഫീസർ CHC കീഴ്പ്പള്ളി |
| 1-22 | 6479 | ഡോ. പ്രിയ സദാനന്ദൻ മെഡിക്കൽ ഓഫീസർ CHC കീഴ്പ്പള്ളി |
| 1-24 | 66956 | ശ്രീ.റോബർട്ട് ജോസഫ് സെക്രട്ടറി |
| 1-25 | 19555 | ശ്രീ.റോബർട്ട് ജോസഫ് സെക്രട്ടറി |
| ആകെ | 280967 | |

**സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം**

| നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. പ്രിയ സദാനന്ദൻ മെഡിക്കൽ ഓഫീസർ CHC കീഴ്പ്പള്ളി | മെഡിക്കൽ ഓഫീസർ CHC കീഴ്പ്പള്ളി | കൃഷ്ണരാഗം<br>നിയർ ഗവ. താലൂക്ക് ഹോസ്പിറ്റൽ, പേരാവൂർ<br>670673 |
| ശ്രീ. റോബർട്ട് ജോസഫ്, സെക്രട്ടറി | സെക്രട്ടറി, ഏരുവേശ്ശി ഗ്രാമ പഞ്ചായത്ത് | പുത്തൂര്, ഉളിക്കൽ പി.ഒ, കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1999-00 പദ്ധതി വിഹിതം | കെ.എസ്.എ/കെ.എൻ.ആർ/ സി.10/580/2019 തീ. 6-6-2019 | 1 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/ സി.10/580/2019 തീ. 6-6-2019 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/ സി.10/580/2019 തീ. 6-6-2019 | 1 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/ സി.10/580/2019 തീ. 6-6-2019 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/ സി.10/580/2019 തീ. 6-6-2019 | 4 |
| 2009-10, 2010-11 | കെ.എസ്.എ/കെ.എൻ.ആർ/ സി.10/580/2019 തീ. 6-6-2019 | 7 |
| 2011-12, 2012-13 | കെ.എസ്.എ/കെ.എൻ.ആർ/ സി.10/580/2019 തീ. 6-6-2019 | 5 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/ സി.10/580/2019 തീ. 6-6-2019 | 7 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി.10/580/2019 തീ. 6-6-2019 | 13 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/ സി.10/580/2019 തീ. 6-6-2019 | 11 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/ സി.10/1081/2019 തീ. 5-11-2019 | 14 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/ സി.10/401/2020 തീ. 28-9-2020 | 22 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/ സി.10/99/2022 തീ. 05-04-2022 | 20 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annex3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

RECEIPT AND PAYMENT STATEMENT OF ARALAM GRAMA PANCHAYAT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 53937997.00 |
| Cash | Cash | RP-40(a) | 61.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2366870.00 |
| 140000000 | Fees & User Charges | RP-4 | 868870.00 |
| 150000000 | Sale & Hire Charges | RP-5 | 354139.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 81812306.00 |
| 171000000 | Interest Earned | RP-9 | 404485.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7791043.00 |
| 350000000 | Other Liabilities | RP-36 | 312591.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 100.00 |
| 311000000 | Earmarked Funds | RP-29 | 102553.00 |
| 340000000 | Deposits Received | RP-34 | 265276.00 |
| 350000000 | Other Liabilities | RP-36 | 518819.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3794545.00 |
| 460000000 | Loans, Advances and Deposits | RP-47 | 1170.00 |
| | **Grand total** | | **152530825.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3044912.00 |
| 220000000 | Administrative Expenses | RP-12 | 1621646.00 |
| 230000000 | Operations & Maintenance | RP-13 | 1703369.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 12340359.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 25482801.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3540396.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 133000.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 863511.00 |

# Annex3-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| INCOME AND EXPENDITURE STATEMENT OF ARALAM GRAMA PANCHAYAT<br>For the period from 01-April-2020 to 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 5895236.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 84865.00 |
| 140000000 | Fee & User Charges | I-4(b) | 1041370.00 |
| 150000000 | Sale & Hire Charges | I-5(b) | 354139.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 319959516.00 |
| 170000000 | Income from Investments | I-7 | 467692.00 |
| 171000000 | Interest Earned | I-8 | 404485.00 |
| 180000000 | Other Income | I-9 | 100.00 |
| | **Total Income** | | **328207403.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 10968359.00 |
| 220000000 | Administrative Expenses | I-11(b) | 1622146.00 |
| 230000000 | Operations & Maintenance | I-12(b) | 1892603.00 |
| 240000000 | Interest & Finance Charges | I-13 | 2120.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 16480195.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 186414336.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3540396.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 133000.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 69480091.00 |
| 255000000 | Maintenance Projects | I-14(e) | 13562052.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 45000.00 |
| 270000000 | Provisions and Write off | I-16 | 2698.00 |
| 272000000 | Depreciation | I-17(a) | 26189074.00 |
| | **Total Expenditure** | | **330332070.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-2124667.00** |
| 280000000 | Prior Period Item | I-18 | 16270033.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-18394700.00** |

# Annex3-3

# ബാലൻസ് ഷീറ്റ്

| Aralam Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 59759602.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 127674.00 |
| 312000000 | Reserves | B-3 | 167652303.00 |
| | **Total Reserve & Surplus** | | **227539579.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 29246865.00 |
| | **Total Grants, Contributions for Specific Purposes** | | **29246865.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 21296000.00 |
| | **Total Loans** | | **21296000.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1080424.00 |
| 350000000 | Other Liabilities | B-9 | 2717024.00 |
| | **Total Current Liabilities and Provisions** | | **3797448.00** |
| | **TOTAL LIABILITIES** | | **281879892.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 301883549.00 |
| 411000000 | Accumulated Depreciation | B-11 | -77603177.00 |
| 412000000 | Capital Work in Progress | B-11(a) | 149309.00 |
| | **Total Fixed Assets** | | **224429681.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 3233530.00 |
| | **Total Investments** | | **3233530.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 24910842.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 28980524.00 |
| 460000000 | Loans, Advances and Deposits | B-18 | 325315.00 |
| **Total Current Assets, Loans and Advances** | | | **54216681.00** |
| | | | |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 281879892.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.